# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 386 — 27.02.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡുകളുടെ മുൻഗണനാപട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) | റേഷൻ കാർഡുകളുടെ മുൻഗണനാപട്ടികയുടെ കരട് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ പരിഹാരം കണ്ടുവെന്നും വ്യക്തമാക്കുമോ; | (എ) | ലഭിച്ച പരാതികളുടെ എണ്ണം - 16,73,422<br>പരിഹാരം കണ്ട പരാതികളുടെ എണ്ണം - 12,43,153 |
| (ബി) | 2016 നവംബർ, ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് യഥാസമയം വിതരണം ചെയ്യുവാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ അതിനിടയാക്കിയ കാരണം വ്യക്തമാക്കാമോ; | (ബി) | ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ. നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടും 2016 ജൂൺ വരെ നൽകി വന്നിരുന്ന എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക അലോട്ട്മെന്റ് (അഡ്ഹോക്ക്) ഇനി മേൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമാക്കുകയുണ്ടായി. നവംബർ മുതൽ ഭക്ഷ്യഭദ്രത നിയമം സംസ്ഥാനത്തു നടപ്പിൽ വരുത്തേണ്ട സാഹചര്യമുണ്ടാവുകയും ഇത് കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായി 25/10/2016 ൽ ഭക്ഷ്യഭദ്രത നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുകയും ചെയ്തു. നവംബർ ക്വാട്ടയിലേക്കുള്ള ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കേണ്ട ഏകദേശം ഒരുമാസ കാലയളവ് ഇപ്രകാരം അനിശ്ചിതാവസ്ഥയിൽ നഷ്ടപ്പെടുകയുണ്ടായി. അട്ടിക്കൂലിയുടെ പേരു പറഞ്ഞ് എഫ്.സി.ഐ. തൊഴിലാളികൾ പണിമുടക്കുകയും ഭക്ഷ്യധാന്യങ്ങൾ കയറ്റിനൽകാതിരിക്കുന്ന സാഹചര്യവുമുണ്ടായി. മേൽ പറയപ്പെട്ട പ്രകാരം 2016 നവംബർ ഡിസംബർ, 2017 ജനുവരി ക്വാട്ടകളിലെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പിൽ വന്ന കാലതാമസം പരിഗണിച്ച് 2016 നവംബർ മാസത്തെ റേഷൻ വിതരണം (അരി, ഗോതമ്പ്) 31/12/2016 വരെയും 2016 ഡിസംബർ മാസത്തെ റേഷൻ വിതരണം 14/01/2017 വരെയും 2017 ജനുവരി മാസത്തെ റേഷൻ വിതരണം കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ,കണ്ണൂർ എന്നീ ജില്ലകളിൽ 04/02/2017 വരെയും കോട്ടയം ജില്ലയിൽ 11/02/2017 വരെയും ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ഇപ്പോൾ ഫെബ്രുവരി, 17 ക്വാട്ടയിലെ ഭക്ഷ്യധാന്യ ങ്ങളുടെ വിട്ടെടുപ്പ് പൂർത്തിയാക്കി, വിതരണം നടന്നു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | ഈ കാലയളവിൽ എത്ര മെട്രിക് ടൺ അരിയും ഗോതമ്പും കേന്ദ്രം അനുവദിച്ചു; അതിൽ എത്ര മെട്രിക് ടൺ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ലിഫ്റ്റ് ചെയ്യുകയുണ്ടായി; | (സി) | നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കേന്ദ്രം അനുവദിച്ചതും എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിട്ടെടുത്തതുമായ (ലിഫ്റ്റ് ചെയ്ത) അരിയുടെയും ഗോതമ്പിന്റെയും അളവ് |

(അളവ്- മെ.ടണ്ണിൽ)

| മാസം | അരി | | ഗോതമ്പ് | |
|---|---|---|---|---|
| | അനുവദിച്ച അളവ് | വിട്ടെടുത്ത അളവ് | അനുവദിച്ച അളവ് | വിട്ടെടുത്ത അളവ് |
| 2016 നവംബർ | 95715.792 | 95715.792 | 23038.291 | 23038.291 |
| 2016 ഡിസംബർ | 102174.866 | 102174.866 | 16579.217 | 16579.217 |
| 2017 ജനുവരി | 102174.866 | 100891.55721 | 16579.217 | 16563.69669 |

(ജനുവരി ക്വാട്ടയിൽ വിട്ടെടുക്കാനവശേഷിക്കുന്ന 1283.308790 മെ.ടൺ അരിയും 15.520305 മെ.ടൺ ഗോതമ്പും കോട്ടയം ജില്ലയിലെ ചിങ്ങവനം ഡിപ്പോയിൽ തുടർച്ചയായ വാഗൺ പ്ലേസ്മെന്റ് മുഖാന്തരം വിട്ടെടുക്കാൻ കഴിയാതിരുന്നതാണ്. ആയത് വിട്ടെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്.)

| | | | |
|---|---|---|---|
| (ഡി) | എഫ്.സി.ഐ. ഗോഡൗണുകളിലെ തൊഴിൽതർക്കം മൂലം അനുവദിച്ച അരിയും ഗോതമ്പും യഥാസമയം ലിഫ്റ്റ് ചെയ്യുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കിയോ; | (ഡി) | അതെ. |
| (ഇ) | പ്രസ്തുത തൊഴിൽതർക്കം എപ്രകാരമാണ് ഒത്തു തീർപ്പാക്കിയതെന്നും ഇതുമൂലം സംസ്ഥാനസർക്കാരിന് എത്ര കോടിരൂപയുടെ അധിക ബാദ്ധ്യത പ്രതിവർഷം ഉണ്ടാകുമെന്നും വെളിപ്പെടുത്തുമോ? | (ഇ) | ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും വിവിധ തൊഴിലാളിസംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെയും സർക്കാർ സ്വീകരിച്ച കർശന നിലപാടുകളുടെയും ഫലമായാണ് തൊഴിൽ തർക്കം ഒത്തുതീർപ്പായത്. തൊഴിലാളി പ്രതിനിധികളുമായി നടത്തിയ വിവിധ ചർച്ചകളിൽ തീരുമാനമായപ്രകാരം സപ്ലൈകോ പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുന്നതുവരെ ലോഡിന് പരമാവധി 750/- രൂപയും നിലവിൽ 750/- രൂപയിൽ താഴെ അധികകൂലി നൽകി വരുന്ന സ്ഥലങ്ങളിൽ പ്രസ്തുത തുക മാത്രമായും പാലക്കാട് ജില്ലയിൽ മറ്റൊരു രീതി തുടരുന്നതിനാൽ ലോഡ് ടാർപ്പോളിൻ മൂടിക്കെട്ടി കൊടുക്കുന്ന ലോറികെട്ട് ചുമട്ട് തൊഴിലാളികൾക്ക് അരി ലോഡിന് 130/- രൂപയും ഗോതമ്പ് ലോഡിന് 240/- രൂപയും പ്രകാരം കെട്ടുകൂലി മാത്രമായും താത്കാലികമായി അനുവദിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണം പൂർണ്ണമായും ആരംഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ചെലവുകൾ അവസാനിക്കുമെന്നതിനാൽ അധിക ബാധ്യത പ്രതിവർഷം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ